പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 364 — 26/06/2013-ൽ മറുപടിയ്ക്കു

**ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) അടുത്ത ശബരിമല സീസണ് മുമ്പ് തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; | എ) ശബരിമല തീർത്ഥാടനം സുഗമമായി നടത്തുന്നതിന് താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>1 ക്യൂവിൽ നിൽക്കുന്ന ഭക്തർക്ക് 100 മീറ്റർ അകലം ഇടവിട്ട് ക്യൂവിൽ നിന്നും ഇറങ്ങുന്നതിനും റിഫ്രഷ് ചെയ്യുന്നതിനുമുള്ള സൗകര്യം ഒരുക്കുക<br>2 ശബരിമലയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ തുടങ്ങുക<br>3 മാളികപ്പുറത്ത് പുതിയ ഫ്ലൈ ഓവർ നിർമ്മിക്കുക<br>4 മരക്കൂട്ടത്ത് അണ്ടർ പാസ്സേജ് നിർമ്മിക്കുക<br>5 പമ്പയിൽ കൂടുതൽ ബലിതറകൾ പ്രവർത്തിപ്പിക്കുക<br>6 പമ്പയിലെ പുതിയ ആശുപത്രി കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുക<br>7 കുപ്പിവെള്ളം വിതരണം കാര്യക്ഷമമാക്കുക<br>8 അന്നദാനം വിപുലപ്പെടുത്തുന്നതിന് സന്നിധാനത്ത് 2 അന്നദാന മണ്ഡപങ്ങൾ നിർമ്മിക്കുക<br>9 ആവശ്യാനുസരണം അപ്പം അരവണ പ്രസാദങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക<br>10 സന്നിധാനത്തെ ലോവർ തിരുമുറ്റം നവീകരിക്കുക<br>11 സ്വാമി അയ്യപ്പൻ റോഡിൻെറ അറ്റകുറ്റപ്പണികൾ നടത്തുക<br>12 നടപ്പാതയിൽ പൈപ്പിട്ട് ചുക്കുവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക<br>13 പമ്പ-സന്നിധാനം സമാന്തര പൈപ്പ് ലൈനിൻെറ ബാക്കിയുള്ള പണി പൂർത്തീകരിക്കുക<br>14 നിലയ്ക്കലിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി ചെക്ക് ഡാം നിർമ്മിക്കുക<br>15 പതിനായിരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി നിലയ്ക്കലിൽ പാർക്കിംഗ് ഗ്രൗണ്ട് സജ്ജീകരിക്കുക |

16 എരുമേലി തോട് വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

17 കണമല പാലം പണി സീസണ് മുൻപ് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

18 എല്ലാ മരാമത്ത് പണികളും സീസണ് മുൻപ് സമയബന്ധിതമായി തീർക്കുക

| | |
|---|---|
| ബി) അപകടങ്ങൾ കുറയ്ക്കുന്നതിനും ന്യായവിലയ്ക്ക് ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും അന്യ സംസ്ഥാനത്ത് നിന്നും എത്തുന്ന ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ; | ബി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി ബാരിക്കേടുകൾ നിർമ്മിക്കുക, സൈൻ ബോർഡുകൾ സ്ഥാപിക്കുക, തീർത്ഥാടന പാതകളിൽ ഡിവൈഡറുകൾ, റിഫ്ലെക്ടറുകൾ സ്ഥാപിക്കുക, പ്രധാന റോഡുകളെ സേഫ് സോണായി പ്രഖ്യാപിച്ചുകൊണ്ട് നിരന്തരമായ വാഹന പിരശോധന ഏർപ്പെടുത്തി അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയും, മുങ്ങിമരണങ്ങൾ ഒഴിവാക്കുന്നതിനായി കുളക്കടവുകളിൽ 5 ഭാഷകളിൽ മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിക്കുക, ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കുക എന്നീ നടപടികളും ന്യായവിലയ്ക്ക് ഭക്ഷണം ഉറപ്പുവരുത്തുന്നതിൻെറ ഭാഗമായി സീസണിന് മുൻപ് തന്നെ ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുകയും അത് അഞ്ച് ഭാഷകളിൽ പ്രദർശിപ്പിക്കുന്നതും കൂടാതെ എക്കോ ഡവലപ്മെൻറ് സൊസൈറ്റിയുടെ സേവന കേന്ദ്രങ്ങൾ വഴി മിതമായ നിരക്കിൽ ഭക്ഷണ സാധനങ്ങൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |
| സി) ശബരിമലയുടെ ഇടത്താവളങ്ങളിൽ ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ? | സി) ഇടത്താവളങ്ങളിൽ തീർത്ഥാടകർക്ക് വിരിവെക്കുന്നതിനുള്ള സൗകര്യം, കുടിവെള്ളം, വിശ്രമ സൗകര്യം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുകയും കൂടാതെ പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും മുൻകാലങ്ങളെപോലെ ഈ വർഷവും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ